(സി) പരാതികളില്ലാതെ പോലീസ് സ്വന്തം നിലയിൽ ബ്ലേഡ് കമ്പനിക്കാരെയും വട്ടിപ്പലിശക്കാരെയും കണ്ടെത്തി രജിസ്റ്റർ ചെയ്ത കേസ്സുകൾ 1029 എണ്ണമാണ്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

പിൻവലിച്ച കേസ്സുകൾ

213 (3035) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-11-ലെ സർക്കാരിന്റെ കാലത്ത് കേസ്സുകൾ പിൻവലിക്കുന്നതിന് എത്ര നിരാക്ഷേപ പത്രങ്ങൾ നൽകിയെന്ന് വിശദമാക്കുമോ ;

(ബി) ഏതൊക്കെ സ്വഭാവമുള്ള കേസ്സുകളാണ് പിൻവലിച്ചതെന്ന് ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ ?

ഉത്തരം

(എ) 4229 നിരാക്ഷേപ പത്രങ്ങൾ.

(ബി) ജനകീയ സമരങ്ങൾ, രാഷ്ട്രീയ സമരങ്ങൾ, സഭാതർക്കം സംബന്ധിച്ച കേസ്സുകൾ, നഴ്സുമാർ നടത്തിയ സമരം, റോഡ് ഉപരോധം, PDPP Act, 420 IPC, 380 IPC, 332 IPC, 378 IPC തുടങ്ങിയ വകുപ്പുകൾ ചുമത്തിയ കേസ്സുകളാണ് പിൻവലിച്ചിട്ടുള്ളത്. ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചുവരുന്നു.

അന്യസംസ്ഥാന തൊഴിലാളികൾ

214 (3036) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് തൊഴിലെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികളിൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2012-ൽ 409 അന്യസംസ്ഥാനത്തൊഴിലാളികൾ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിരുന്നെങ്കിലും 2013-ൽ അത് 361 പേരായി ചുരുങ്ങി. എന്നാൽ 2014-ൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം 623 ആയി വർദ്ധിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly